ഉത്തരം

(എ) ഉണ്ട്.

(ബി) ആക്ഷൻ കൗൺസിലിന്റെ പരാതി ലഭിച്ചിട്ടുണ്ട്.

(സി) ഹംസയുടെ മരണം സംബന്ധിച്ച് പട്ടാമ്പി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 501/2004 യു./സി. അൺനാച്ചറൽ ഡെത്ത് ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടക്കുന്നുണ്ട്. ടി കേസിന്റെ ആദ്യാന്വേഷണം പട്ടാമ്പി പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ നടത്തിയിട്ടുള്ളതും തുടർന്ന് പട്ടാമ്പി സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിവരുന്നുണ്ട്. നാളിതുവരെ 69-ഓളം സാക്ഷികളെ ചോദ്യം ചെയ്തിട്ടുണ്ട്. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ മരണകാരണം തലയ്ക്കും മറ്റും പറ്റിയ മുറുവുകളുടെ ആഘാതത്താലാണ് എന്നാണ് പറഞ്ഞിരിക്കുന്നത്.

(ഡി) കേസിന്റെ ഇതുവരെയുള്ള അന്വേഷണത്തിൽ മരണകാരണം കൊലപാതകമാണെന്ന് തെളിഞ്ഞിട്ടില്ല. നാട്ടുകാരുടെ പരാതി പരിഹരിക്കുന്നതിന് അന്വേഷണം കൂടുതൽ ഊർജ്ജിതമാക്കി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്.

തൃശ്ശൂർ മെഡിക്കൽ കോളേജ് കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ

49 [3100] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളങ്കുന്നത്തുകാവിലെ തൃശ്ശൂർ മെഡിക്കൽ കോളേജ് കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മുന്ന് പോലീസ് സ്റ്റേഷനുകൾക്ക് കീഴിലാണ് മെഡിക്കൽ കോളേജ് പരിസരം എന്ന കാര്യം കൂടി പരിഗണിച്ച് വിസ്തൃതമായ ഈ പ്രദേശത്ത് വടക്കാഞ്ചേരി സർക്കിൾ സ്റ്റേഷനു കീഴിൽ പുതിയ പോലീസ് സ്റ്റേഷൻ വേണം എന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവിലെ മെഡിക്കൽ കോളേജ് കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

കൊപ്പം ആസ്ഥാനമായി പോലീസ് സ്റ്റേഷൻ

50 [3101] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ ഏറ്റവും വിസ്തീർണ്ണമുള്ള പട്ടാമ്പി പോലീസ് സ്റ്റേഷൻ പരിധി വിഭജിച്ച് കൊപ്പം ആസ്ഥാനമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly